# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2771

18.08.2017-ന് മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ആന്റണി ജോൺ<br>,, റ്റി.വി.രാജേഷ്<br>പ്രൊഫ.കെ.യു. അരുണൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളും പഠനരീതിയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി' ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗീകൃത ഏജൻസികളിൽ നിന്നും EoI (Expression of Interest) ക്ഷണിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 76 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.<br>ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക എന്ന രണ്ടാമത്തെ ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ ഐറ്റി@സ്കൂൾ മുഖേന പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 2016-17 അദ്ധ്യയന വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, |

തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൈലറ്റായി ആരംഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തു. ബാക്കിയുള്ള 136 അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

മൂന്നാമത്തെ ഉപഘടകമായ എൽ.പി., യു.പി. ക്ലാസുകളുടെ പ്രസക്തി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി 1200 സ്കൂളുകളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് ജൈവ വൈവിദ്ധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനും ഏഴുകോടി രൂപ വിനിയോഗിച്ച് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമായി 761 സ്കൂളുകൾക്ക് 10,000/- രൂപ വീതം അനുവദിച്ചു.

മികച്ച പഠനരീതി ലക്ഷ്യമിട്ടുകൊണ്ട് അക്കാദമിക രംഗത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- ഒന്നുമുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രയാസങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി ബേസ് ലൈൻ അച്ചീവ്മെന്റ് സർവ്വെ നടത്തി. പ്രയാസകരമായ മേഖലകൾ കണ്ടെത്തി പരിഹാര ബോധനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.

- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനും ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.
- സൂക്ഷ്മതല പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ഡിജിറ്റൽ വിഭവങ്ങളും എല്ലാ ക്ലാസുകളിലെയും എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനായി ഐറ്റി@സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടൽ ആരംഭിച്ചു.
- മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമായി 'ചോദ്യജാലകം' എന്ന സോഫ്ട്‌വെയർ തുടങ്ങി എല്ലാ അദ്ധ്യാപകർക്കും ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കി.

ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) 8 മുതൽ 12 വരെ ക്ലാസ്സുകളിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജക മണ്ഡലങ്ങളിലെ 125 വിദ്യാലയങ്ങളിലും തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 7 സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലുമായി 1445 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി. മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

| | |
|---|---|
| (സി) വിദ്യാഭ്യാസരംഗത്ത് ഇപ്രകാരമുള്ള സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും അദ്ധ്യാപകരക്ഷകത്യ സംഘടനകളുടെയും സമ്പൂർണ്ണമായ സഹകരണം ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും അദ്ധ്യാപക -രക്ഷാകർത്തൃ സംഘടനകളുടെയും സമ്പൂർണ്ണ സഹകരണം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:-<br>1. ഹൈടെക് സ്കൂൾപദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ അതാത് സ്കൂളുകൾ സജ്ജീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഹൈടെക് ആക്കുന്നതിന് ക്ലാസ് മുറികൾ സുരക്ഷിതമാക്കുക, ടൈൽ പാകിയ തറ, സീലിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് തുടങ്ങിയ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന സ്കൂളുകളെ മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണത്തിന് പരിഗണിക്കും.<br>2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, അദ്ധ്യാപക -രക്ഷാകർത്തൃ സംഘടനകൾ തുടങ്ങിയവയുടെ സഹായം, സ്കൂളുകളിലെ പി.ഡി.അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെയുള്ള തുക തുടങ്ങിയവ ക്ലാസ് മുറികൾ സജ്ജീകരിക്കുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായുള്ള മൂന്നാമത്തെ പദ്ധതിയിൻകീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ